**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3734 — 25.06.2013-ലെ മറുപടിയ്ക്ക്

## പാലക്കാട്ടെ പട്ടികജാതി സഹകരണ സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ എത്ര സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആയതിൽ എത്ര സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ; | (ബി) | പാലക്കാട് ജില്ലയിൽ 67 പട്ടികജാതി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 18 സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പട്ടികജാതി സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സഹകരണ വകുപ്പ് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | പട്ടികജാതി സഹകരണ സംഘങ്ങളുടെ സുഗമമായ നടത്തിപ്പിനും, വികസനത്തിനുമായി സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായം (റിവൈവൽ സ്കീം, റിവോൾവിംഗ് ഫണ്ട്, പ്രവർത്തന മൂലധന ഗ്രാന്റ്, ഓഹരി മൂലധന പങ്കാളിത്തം, ഇൻസെന്റീവ്, പീഡിത സംഘങ്ങൾക്കുള്ള |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണം, മുതലായവ) സഹകരണ സംഘം രജിസ്ട്രാർ മുഖേന നൽകിവരുന്നു. |
| (ഡി) | പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ സംരക്ഷണം സംബന്ധിച്ച് പദ്ധതി പ്രഖ്യാപിക്കുമോ? | (ഡി) | നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ